"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ല- ആലക്കോട് ഗ്രാമ പഞ്ചായത്ത്- 2015-16 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ ഖണ്ഡിക 3.13 പ്രകാരമുള്ള 40,000/- രൂപ- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1911/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/10/2021

പരാമർശം:-
1. ജി . ഒ . ( എം . എസ് .) 362/13 തസ്വഭവ തീയതി 16.11.2013
2. പഞ്ചായത്ത് ഡയറക്ടറുടെ 08/04/2019 ലെ പി.എ.എൻ/2918-2019-എം.3(ഡി.പി) നമ്പരായ കത്ത്.
3. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 01/10/2019 ലെ നം. ഡി. കെ. എസ്.എ 2018/പി.റ്റി.3/2019 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരമുള്ള മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെഡിക്കൽ ക്യാംപ് നടപ്പാക്കിയത് കൊണ്ട് കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിൽ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2015-16 ഖണ്ഡിക 3.1 3 പ്രകാരം 40,000/- രൂപ തടസ്സപ്പെടുത്തിയിരുന്നു. 2015-16 വർഷത്തിൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള അവശരും കിടപ്പിലായവരുമായ രോഗികളെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ എത്തിച്ച് മെഡിക്കൽ ക്യാമ്പ് നടത്തുകയുണ്ടായി. എന്നാൽ പരാമർശം ഒന്ന് പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവത്സര മാർഗ്ഗരേഖ ഖണ്ഡിക 7 . 7 പ്രകാരം മെഡിക്കൽ ക്യാമ്പുകൾ വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്നു . ആയതിന് വിരുദ്ധമായി പഞ്ചായത്ത് ടി തുക ചെലവഴിച്ചതിനാണ് ഓഡിറ്റിൽ ടി തുക തടസ്സപ്പെടുത്തിയത് .

സങ്കേതങ്ങളിൽ വച്ച് മെഡിക്കൽ ക്യാമ്പ് നടത്തുന്നത് വളരെ വിസ്തൃതമായ പഞ്ചായത്തിനെ സംബന്ധിച്ച് പാഴ്ച്ചെലവാണെന്ന് ബോധ്യപ്പെട്ടിരുന്നതായും അനാവശ്യ ചെലവുകൾ ഒഴിവാക്കി ക്യാമ്പ് നടത്തിപ്പ് ചെലവ് കഴിച്ച് ബാക്കി തുക പൂർണ്ണമായും മരുന്ന് വിതരണം വഴി ഗുണഭോക്താക്കൾക്ക് ലഭിച്ചതിനാൽ പദ്ധതി ലക്ഷ്യം

പൂർത്തീകരിച്ചിട്ടുള്ളതായും ഇത്തരത്തിൽ സദുദ്ദേശത്തോടെ പാഴ്ച്ചെലവ് ഒഴിവാക്കാൻ വേണ്ടി നടത്തിയ പ്രവർത്തനമായതിനാൽ ടി ഓഡിറ്റ് തടസ്സത്തിന് സർക്കാർ സാധൂകരണം നൽകണമെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു .

ആലക്കോട് പഞ്ചായത്ത് സെക്രട്ടറിയുടെ എ 3-5094/16(5) തീയതി 05.12.2018, പഞ്ചായത്ത് ഭരണ സമിതിയുടെ 14.11.2018 തീയതിയിലെ 244/18(3) നമ്പർ തീരുമാനം , കണ്ണൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 40- ാമത് യോഗത്തിലെ തീരുമാനം നമ്പർ 42 പ്രകാരം പ്രൊജക്ട് സദുദ്ദേശത്തോടു കൂടിയാണ് നടത്തിയതെന്നും ആയതിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് പൂർണ്ണമായി ലഭ്യമായെന്നും അനാവശ്യചെലവുകളൊന്നും നടത്തിയിട്ടില്ലായെന്നും വിലയിരുത്തിയിട്ടുണ്ട് എന്നത് പരിഗണിച്ചും പരാമർശം (3) പ്രകാരമുള്ള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ അനുകൂല ശിപാർശ പരിഗണിച്ചും, ഭാവിയിൽ പദ്ധതി മാർഗ്ഗരേഖ ലംഘിച്ചുകൊണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കരുതെന്ന കർശന നിർദ്ദേശത്തോടുകൂടി കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിൽ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2015-16 ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 40,000/- രൂപയ്ക്ക്(നാൽപതിനായിരം രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , കണ്ണൂർ
സെക്രട്ടറി, ഡയറക്ടർ ഇൻഫർമേഷൻ കേരള വിഷൻ
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ